നമ്പർ. എസ് എസ് ജി1/1014/2003

**ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ്, കേരളം,**
*രണ്ടാം നില, ട്രാൻസ് ടവേഴ്സ്, വഴുതക്കാട്, തൈക്കാട് പി.ഒ തിരുവനന്തപുരം - 14,*
[☎0471-2333337/2333317 ഫാക്സ് 0471-2333314]
www.mvd.kerala.gov.in [ഇ-മെയിൽ - tcoffice@keralamvd.gov.in ]
തീയ്യതി,

പ്രേഷകൻ,

ട്രാൻസ്പോർട്ട് കമ്മീഷണർ,
തിരുവനന്തപുരം.

സ്വീകർത്താവ് ,

എല്ലാ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർമാർക്കും
എല്ലാ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും
എല്ലാ ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും.

സർ,

വിഷയം :- ***മോട്ടോർ വാഹന വകുപ്പ്*** — ഫീസ് കൺവേർഷൻ സംബന്ധിച്ച്

സൂചന :- ഇതേ ഓഫീസിലെ 12.5.2017, 07.06.2017 -ലെ ഇതേ നമ്പർ കത്ത്.

മോട്ടോർ വാഹന വകുപ്പിന്റെ സേവനങ്ങൾക്ക് ഓൺലൈനായി ഫീസ് അടയ്ക്കുകയും തുടർന്ന് സേവനം നൽകുന്നതിനു മുമ്പായി ഫീസ് കൺവേർട്ട് ചെയ്ത് സ്മാർട്ട് മൂവിൽ ഇൻവേർഡ് നമ്പർ ലഭ്യമാക്കുന്നതിനുമായി പ്രയാസം നേരിടുന്നതിനാൽ സുഗമവും സുരക്ഷിതവുമായ ഒരു സംവിധാനം ലഭ്യമാക്കണമെന്ന് വകുപ്പിലെ ജീവനക്കാരുടെ വളരെക്കാലമായുള്ള ആവശ്യമായിരുന്നു.

പ്രസ്തുത വിഷയം അടുത്തകാലത്ത് ഒരു മലയാള ദിനപത്രത്തിൽ വളരെ പ്രധാന വാർത്തയാകുകയുണ്ടായി. ആയതിനാൽ വകുപ്പിന്റെ പ്രധാന സേവനങ്ങളായ വാഹന രജിസ്ട്രേഷൻ, ഡ്രൈവിംഗ് ലൈസൻസ് ( ലേണേഴ്സ് ലൈസൻസ്) ഫിറ്റ്നസ് സർട്ടിഫിക്കറ്റ് തുടങ്ങിയ സേവനങ്ങൾക്കുള്ള ഓൺ ലൈൻ ഫീസ് സ്വയം ഇൻവേർഡ് ആക്കുന്നതിനായി ഇ-ട്രാൻസ്പോർട്ട് ഓൺലൈൻ എന്ന സോഫ്റ്റ്വെയറും, സ്മാർട്ട് മൂവും തമ്മിൽ ബന്ധിപ്പിച്ചുകൊണ്ട്, പുതിയ സോഫ്റ്റ് വെയർ സംവിധാനം തയ്യാറാക്കി ഓഫീസുകളിലെ കമ്പ്യൂട്ടറുകളിൽ സ്ഥാപിച്ചിട്ടുണ്ട്.

പ്രസ്തുത സോഫ്റ്റ് വെയറിന്റെ പ്രവർത്തനത്തെക്കുറിച്ചുള്ള ലഘു ലേഖ 7.6.2017 ലും 08.06.2017 ലും എല്ലാ ഓഫീസുകളിലേയ്ക്കും അയച്ചു തന്നിട്ടുള്ളതാണ്. ഈ സംവിധാനം നിലവിൽ വരുന്നതോടെ മേൽ വിവരിച്ച സേവനങ്ങൾക്കുള്ള ഫീസ് കൺവേർഷനു വേണ്ടി ഓഫീസിന്റെ കൌണ്ടറുകളെ സമീപിക്കേണ്ടതില്ല. ഈ ആവശ്യത്തിനായി ഇടനിലക്കാരുടെ സഹായം തേടേണ്ടതുമില്ല.

രജിസ്ട്രേഷനുള്ള അപേക്ഷ അതാതു സെക്ഷൻ സൂപ്രണ്ടുമാർ വെരിഫൈ ചെയ്യുന്നതോടൊപ്പം പ്രസ്തുത വാഹനത്തിന്റെ നികുതി അടച്ച രസീത് (ടാക്സ് ടോക്കൺ) പ്രിന്റ് എടുത്ത് രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിനോടൊപ്പം അയച്ചുകൊടുക്കുവാൻ വേണ്ടി ബന്ധപ്പെട്ട സെക്ഷനിൽ ഏൽപ്പിക്കേണ്ടതും,

സെക്ഷൻ ക്ലാർക്കുമാർ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് തയ്യാറാക്കി ടാക്സ് ടോക്കണും ചേർത്ത് നിലവിലുള്ള നിർദ്ദേശങ്ങൾക്കനുസരിച്ച് വാഹന ഉടമയ്ക്ക് അയച്ചു കൊടുക്കേണ്ടതുമാണ്.

എല്ലാ ഓഫീസ് മേലധികാരികളും പ്രസ്തുത നിർദ്ദേശങ്ങൾ പാലിക്കപ്പെടുന്നുണ്ടോയെന്നു പരിശോധിക്കേണ്ടതും ആവശ്യമായ സംവിധാനങ്ങൾ ഒരുക്കേണ്ടതുമാണ്.

ഈ നിർദ്ദേശം കൈപ്പറ്റിയ വിവരം മടക്കത്തപാലിൽ അറിയിക്കേണ്ടതാണ്.

വിശ്വസ്തതയോടെ,

ട്രാൻസ്പോർട്ട് കമ്മീഷണർ
തിരുവനന്തപുരം.

മോട്ടോർവാഹന വകുപ്പ്, കേരള